"ഭരണഭാഷ മാതൃഭാഷ"

## കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് -സർക്കാർ കോളേജ് - പൊളിറ്റിക്കൽ സയൻസ് വിഭാഗം അധ്യാപകർ - സ്ഥലം മാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ:A4/28909/2023/DCEതിരുവനന്തപുരം തീയതി:14.11.2023

---

*പരാമർശം:*-1.12.07.2023 ലെ A4/24646/2023/DCE നമ്പർ ഉത്തരവ്

2.ഡോ.സന്ധ്യ.എസ്.നായരുടെ അപേക്ഷ

3.സർക്കാരിന്റെ 04/10/2023 ലെ F1/152/2023/HEDN നമ്പർ കത്ത്

### ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം സർക്കാർ കോളേജുകളിലെ പൊളിറ്റിക്കൽ സയൻസ് വിഭാഗം അധ്യാപകർക്ക് സ്ഥലം മാറ്റം നൽകിയിരുന്നു. ടി ഉത്തരവിൽ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും എറണാകുളം മഹാരാജാസ് കോളേജിലേക്ക് നിർബന്ധിത സ്ഥലം മാറ്റത്തിന് വിധേയയായ ഡോ.സന്ധ്യ.എസ്.നായർ പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷയിൽ ടിയാരിയുടെ സ്ഥലം മാറ്റം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ടി വിഷയത്തിൽ സർക്കാരിൽ നിന്നും സ്പഷ്ടീകരണം ആവശ്യപ്പെടുകയും, ആയത് പരാമർശം (3) പ്രകാരം സർക്കാർ ലഭ്യമാക്കുകയും ചെയ്തു. സർക്കാർ സ്പഷ്ടീകരണം ലഭിച്ചതിനെ തുടർന്ന് ഡോ.സന്ധ്യ.എസ്.നായരുടെ ഔട്ട് സ്റ്റേഷൻ സേവനം പുനഃപരിശോധിച്ച് വ്യക്തത വരുത്തുകയും ഡോ.സന്ധ്യ.എസ്.നായരെക്കാളും ഔട്ട് സ്റ്റേഷൻ സേവനം സേവനം കുറവുള്ള ഡോ. വിനിത.എൻ.ആറിനെ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും നിർബന്ധിതമായി സ്ഥലം മാറ്റേണ്ടിയിരുന്നത് എന്ന് വ്യക്തമാകുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന പട്ടികയിൽ നൽകിയിരിക്കുന്ന പ്രകാരം പൊളിറ്റിക്കൽ സയൻസ് വിഭാഗം അദ്ധ്യാപകരെ അവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനത്തിലേയ്ക്ക് ഉടൻ പ്രാബല്യത്തോടെ സ്ഥലം മാറ്റി നിയമിച്ച് കൊണ്ട് ഉത്തരവാകുന്നു.

| ക്രമ നം. | പേരും ജോലി ചെയ്യുന്ന സ്ഥാപനവും | സ്ഥലം മാറ്റം നൽകുന്ന സ്ഥാപനം |
|---|---|---|
| 1 | **ഡോ.സന്ധ്യ.എസ്.നായർ**<br>മഹാരാജാസ് കോളേജ്<br>എറണാകുളം | യൂണിവേഴ്സിറ്റി കോളേജ്,<br>തിരുവനന്തപുരം<br>(ഡോ.വിനീത.എൻ.ആർ-ന് സ്ഥലം മാറ്റം നൽകുന്ന ഒഴിവിൽ) |
| 2 | **ഡോ.വിനീത.എൻ.ആർ**<br>യൂണിവേഴ്സിറ്റി കോളേജ്,<br>തിരുവനന്തപുരം | മഹാരാജാസ് കോളേജ്<br>എറണാകുളം<br>(ഡോ.സന്ധ്യ.എസ്.നായർ-യ്ക്ക് സ്ഥലം മാറ്റം നൽകുന്ന ഒഴിവിൽ) |

സ്ഥലം മാറ്റം ലഭിച്ച അധ്യാപകർ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്യേണ്ടതും സ്ഥലം മാറ്റി നിയമിക്കപ്പെട്ട സ്ഥാപനത്തിൽ ജോയിൻ ചെയ്യേണ്ടതുമാണ്. ജോലിയിൽ പ്രവേശിച്ചതും വിടുതൽ ചെയ്തതുമായ വിവരങ്ങൾ യഥാസമയം ഈ കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.

# Approval Valid

Digitally Approved By
സുധീർ. കെ ഐ.എ.എസ്സ്
Date: 14.11.2023
Reason: Approved

Sd/-
സുധീർ. കെ ഐ.എ.എസ്സ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ
0471-2303548
dir.colledn@kerala.gov.in

സ്വീകർത്താവ്,

1.ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർക്ക്
2.ബന്ധപ്പെട്ട അദ്ധ്യാപകർക്ക്
3.അക്കൗണ്ടന്റ് ജനറൽ എ&ഇ എസ്.എച്ച് മൗണ്ട് റോഡ് ,നാഗമ്പടം ബ്രാഞ്ച് ഓഫീസ് കോട്ടയം
4.കരുതൽ ഫയൽ /ഓഫീസ് ഫയൽ